

TUESDAY 12/05/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/05/2026

1. പി ഡി എം സി – 'പെർ ഡ്രോപ്പ് മോർ ക്രോപ്പ്' പദ്ധതിക്ക് https://pdmc.da.gov.in/ KeralaMIS എന്ന വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ അപേക്ഷിക്കാം. കേന്ദ്ര സംസ്ഥാന സർക്കാറുകൾ 60:40 അനുപാതത്തിൽ ധനസഹായം നല്കുന്ന ഈ പദ്ധതി സ്ഥാപിക്കുന്നതിന് ചെറുകിട-നാമമാത്ര കർഷകർക്ക് ചെലവിന്റെ 55 ശതമാനവും മറ്റുള്ളവർക്ക് 45 ശതമാനവും സർക്കാർ സബ്സിഡി നൽകുന്നു. Forest Reserve Act (FRA) പട്ടയമുള്ള കർഷകർക്ക് 90% വരെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. അപേക്ഷയ്ക്കായി ആധാർ കാർഡ്, ഭൂഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ബാങ്ക് വിവരങ്ങൾ എന്നിവയാണ് ആവശ്യമായരേഖകൾ. ഈ വർഷം ഓൺലൈനിനൊപ്പം കൃഷി എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ ഓഫ് ലൈൻ അപേക്ഷകളും സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-2512 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. എല്ലാ ബുധനാഴ്ചയും കേര പദ്ധതി ഫേസ് ബുക്ക് ലൈവിലൂടെ – കർഷകർക്ക് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളും മറ്റു വിവരങ്ങളും കർഷകർക്ക് മനസിലാക്കാം. facebook.com/profile.php?id=61585550147783 എന്ന ലിങ്ക് വഴി ലൈവിൽ പങ്കെടുക്കാം.

3. വെള്ളാനിക്കര കാർഷിക സർവ്വകലാശാലയിലെ ഫലവർഗ്ഗ വിഭാഗത്തിന്റെ കീഴിൽ, ആഞ്ഞിലി ചക്കയുടെ (അയനി ചക്ക) ഗുണമേന്മയും വ്യാവസായിക അടിസ്ഥാനത്തിലുള്ള സാധ്യതകളെയും കുറിച്ചുള്ള ഒരു പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ പുരയിടങ്ങളിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന ആഞ്ഞിലി (അയനി) മരങ്ങളുടെ ചക്കയുടെ ഗുണമേന്മ സംബന്ധിച്ചിട്ടുള്ള പഠനമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. അത്തരം ആഞ്ഞിലി മരങ്ങൾ വളർത്തുന്ന കർഷകർ **9995155346** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. റബ്ബർബോർഡിന്റെ പരസ്യനമ്പർ 2025-03 (ADVT No.2025-03) വിവിധ തസ്തികകളിലേക്കായി നടത്തുന്ന എഴുത്തുപരീക്ഷകളുടെ പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മൊഡ്യൂൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുറന്നിരിക്കുന്നു. ഉദ്യോഗാർത്ഥികൾക്ക് റബ്ബർബോർഡിന്റെ റിക്രൂട്ട്മെൻറ് പോർട്ടൽ https://recruitments.rubberboard.org.in സന്ദർശിച്ച് 15.05.2026 വരെ പരീക്ഷാകേന്ദ്രങ്ങൾക്കുള്ള അവരുടെ ഓപ്ഷൻ സമർപിക്കാവുന്നതാണ്.

5. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ ഒരു ദിവസം പ്രായമായ നല്ലയിനം ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്. പൊതു ജനങ്ങൾക്കും, അംഗീകൃത എഗ്ഗർ നഴ്സറികൾക്കും മുൻകൂർ ബുക്കിംഗ് അടിസ്ഥാനത്തിൽ ലഭ്യത അനുസരിച്ച് എല്ലാ ചൊവ്വാഴ്ചകളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ ഫാമിലെ കൗണ്ടറിൽ വില്ക്കപ്പെടുന്നതാണ്. ബുക്ക് ചെയ്യുന്നതിനായി 0481-2373710 എന്ന ഫോൺ നമ്പർ വഴിയോ, നേരിട്ടോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

6. വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിൽ ഡ്രോൺ പൈലറ്റ് പരിശീലനത്തിന് അപേക്ഷിക്കാം. അഗ്രി ബിസിനസ് ഇൻക്യുബേറ്ററിലെ റാഫ്താർ പദ്ധതിയിലേക്ക് മെയ് 15 വരെ അപേക്ഷിക്കാം. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബിസിനസ് ഇൻകുബേറ്ററും മോധ എയ്റോ അക്കാദമി പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായാണ് ഡ്രോൺ പൈലറ്റ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻകുബേറ്ററിലെ സേവനങ്ങൾ ലഭ്യമാകുന്നതിനും ഡ്രോൺ പൈലറ്റ് പരിശീലനത്തിനും മറ്റ് സംരംഭകത്വ വികസന പരിശീലനങ്ങൾക്കുമായി ഡോ. കെ.പി സുധീർ അഗ്രിബിസിനസ്സ് ഇൻകുബേറ്റർ മേധാവി കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ് കേരള കാർഷിക സർവ്വകലാശാല വെള്ളാനിക്കര, തൃശ്ശൂർ – 680 656 എന്ന വിലാസത്തിലോ, 9778436265/0487 2438332 എന്നീ ഫോൺ നമ്പറുകളിലോ Email: cohagengg@kau.in/rabi.kau.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

7. വെള്ളായണി കാർഷിക കോളജിൽ വിവിധ വിഷയങ്ങളിൽ ഈ മാസം 18 മുതൽ 30 വരെ നടത്തുന്ന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഈ മാസം 18ന് **"ചക്ക വിളവെടുപ്പ് അനന്തര സാങ്കേതിക വിദ്യകളും മൂല്യവർധിത ഉൽപന്നങ്ങളും"** എന്ന വിഷയത്തിലും 21 ന് **"ഫലവൃക്ഷങ്ങളിലെ കായിക പ്രജനന രീതികൾ"**

എന്നീ വിഷയങ്ങളിലാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 8891540778.

## കാർഷിക നിർദേശം

8. വാഴയിൽ പനാമ വാട്ടം നിയന്ത്രിക്കുന്നതിനായി വാഴക്കുഴിയിൽ 1 കി. ഗ്രാം കുമ്മായം ഇട്ടതിനു ശേഷം നടുക. രോഗബാധ കണ്ടാൽ കാർബെൻഡാസിം (2 ഗ്രാം/ ലി) മണ്ണിൽ 5 ലിറ്റർ വീതം ഒഴിച്ച് കൊടുക്കുക.

പടവലത്തിൽ കുനൻ പുഴുവിനെ നിയന്ത്രിക്കുവാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 18.5 SC 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്.

മുളകിൽ വെള്ളീച്ചയുടെ ആക്രമണം തടയാൻ 2% വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം